## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3652 — 25.06.2013 -ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ഡിപ്പോകളോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. യു കുരുവിള :<br>" തോമസ് ഉണ്ണിയാടൻ :<br>" മോൻസ് ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ കെ.എസ്. ആർ.ടി.സി ഡിപ്പോകളോടും ചേർന്ന് ആധുനിക സൗകര്യങ്ങളുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു വരുന്നു. ഒന്നാം ഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും രണ്ടാം ഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. അങ്കമാലി, തമ്പാനൂർ, കോഴിക്കോട്, തിരുവല്ല, മലപ്പുറം എന്നീ സ്ഥലങ്ങളിൽ പൊതുമേഖല സ്ഥാപനമായ കെ.റ്റി.ഡി.എഫ്.സിയുമായി സഹകരിച്ച് ഇത്തരം പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിൽ അങ്കമാലിയുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ മലപ്പുറം ഒഴികെ പണി പുരോഗമിച്ചു വരുന്നു. മലപ്പുറത്തിന്റെ പ്ലാൻ അംഗീകാരത്തിനായി മുൻസിപ്പാലിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.<br>ഇവ കൂടാതെ കൊട്ടാരക്കര, കാസർഗോഡ്, കാട്ടാക്കട എന്നീ സ്ഥലങ്ങളിൽ പലിശരഹിത നിക്ഷേപ പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. നേരിട്ട് ഇത്തരം പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനോടകം തന്നെ നെയ്യാറ്റിൻകര, തൊടുപുഴ, നെടുമങ്ങാട് |

| | | | |
|---|---|---|---|
| | | | എന്നീ സ്ഥലങ്ങളിൽ മുകളിൽ പറഞ്ഞ രീതിയിൽ പലിശരഹിത നിക്ഷേപം സ്വീകരിച്ച് കെ.എസ്.ആർ.ടി.സി നേരിട്ട് നിർമ്മിക്കുന്ന കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതേ രീതിയിൽ കെ.എസ്.ആർ.ടി.സി നേരിട്ട് പയ്യന്നൂരിൽ നിർമ്മിക്കുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ടെണ്ടറുകൾ ക്ഷണിച്ചു കഴിഞ്ഞു. ഇതിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇതു കൂടാതെ പാലക്കാട്, പാലാ, കരുനാഗപ്പള്ളി, കോട്ടയം, ഹരിപ്പാട്, പത്തനംതിട്ട, നിലമ്പൂർ എന്നിവിടങ്ങളിലെ പ്രോജക്ടുകളുടെ രൂപരേഖ അംഗീകാരത്തിനായി അതാത് മുൻസിപ്പാലിറ്റികളിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മൂന്നാർ, ആലുവ, എറണാകുളം എന്നിവിടങ്ങളിലെ പ്രോജക്ടുകൾക്കായി ആർക്കിടെക്ടുകളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഇതിന് പുറമേ പരസ്യങ്ങൾ, മറ്റ് ധനാഗമ മാർഗ്ഗങ്ങൾ, വൃത്തിയും മികച്ചതുമായ സർവ്വീസ് എന്നിവ വഴി കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | പരസ്യത്തിന് കരാർ നൽകുക, സ്ഥലം ലൈസൻസ് ഫീ അടിസ്ഥാനത്തിൽ കച്ചവടാവശ്യത്തിന് നൽകുക എന്നിവയാണ് ടിക്കറ്റേതര വരുമാനത്തിനുള്ള ഒരു മാർഗ്ഗം. ഈ വർഷത്തേയ്ക്ക് പരസ്യത്തിനുള്ള കരാർ നൽകുവാനുള്ള ടെണ്ടർ നടപടി പൂർത്തിയായി വരുന്നു. ലഭ്യമായ സ്ഥലങ്ങൾ കച്ചവടാവശ്യത്തിന് ടെണ്ടർ നടപടിയിലൂടെ നൽകിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന ബസ്സുകൾ 5 വർഷം കാലാവധി പൂർത്തിയാകുമ്പോൾ മാറ്റി പുതിയവ നൽകി വരികയാണ്. സുഖകരവും സൗകര്യപ്രദവുമായ യാത്ര കണക്കിലെടുത്താണ് |

| | | | |
|---|---|---|---|
| | | | ബസ്സിനുള്ളിൽ സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സ്റ്റോപ്പുകൾ കുറവുള്ള പോയിന്റ് ടു പോയിന്റ്, എന്റ് ടു എന്റ് എന്നീ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചുവരുന്നുണ്ട്. നിലവിലുള്ള സൂപ്പർ ഡീലക്സ് ബസ്സുകൾ മാറ്റി പുതിയ സൂപ്പർ ഡീലക്സ് ബസ്സുകൾ 6 മാസത്തിനുള്ളിൽ നിരത്തിലിറക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്രകാരം കെ.എസ്.ആർ.ടി.സിയെ ലാഭകരമാക്കുന്നതിലേക്കായി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ